(ഇ) ഈ കാലയളവിൽ പോലീസുദ്യോഗസ്ഥൻമാർ എത്തെല്ലാം പത്രസ്ഥാപനങ്ങളിൽ റെയ്ഡ് നടത്തുകയോ അതിക്രമിച്ചു കടക്കുകയോ ചെയ്തിട്ടുണ്ട്;

(എഫ്) ഈ കാലയളവിൽ പോലീസുദ്യോഗസ്ഥൻമാർ ഏതെല്ലാം പത്ര ജീവനക്കാരുടെമേൽ കയ്യേറ്റം നടത്തുകയോ ലാത്തിചാർജ് നടത്തുകയോ ചെയ്തിട്ടുണ്ട്;

(ജി) ഈ കാലയളവിൽ പോലീസ് ഉദ്യോഗസ്ഥൻമാർ ഏതെല്ലാം പത്രജീവനക്കാരിൽനിന്നും ക്യാമറ പിടിച്ചുവാങ്ങുകയോ ക്യാമറയിലുള്ള ഫിലിം ഏടുക്കുകയോ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ)-(ജി) വിവരം ശേഖരിച്ചുവരുന്നു.

മോഷണക്കേസ്സുകൾ

(55) ശ്രീ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മോഷണങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഈ മോഷണങ്ങൾമൂലം ഒട്ടാകെയുണ്ടായിട്ടുള്ള നഷ്ടമെത്ര;

(ഡി) ഈ കാലഘട്ടത്തിൽ എത്ര വാഹനമോഷണങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിൽ ഏതെങ്കിലും വാഹനമോഷണം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) വാഹന മോഷണംമൂലം ഉണ്ടായിട്ടുള്ള ഒട്ടാകെ നഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 26,799 (ഇരുപത്തിആറായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിഒൻപത്) മോഷണങ്ങൾ.

(ബി) 26,799 കേസ്സുകൾ.

(സി) കേസ്സന്വേഷണം നടന്നുവരുന്നു.

(ഡി) 3531 വാഹന മോഷണം ഉണ്ടായിട്ടുണ്ട്. ഇതിൽ 1613 എണ്ണം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) കേസ്സന്വേഷണം വിവിധഘട്ടങ്ങളിലാണ്.

കണ്ണൂർ ജില്ലയിലെ അക്രമസംഭവങ്ങളും സ്വീകരിച്ച നടപടികളും

(56) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തുടർച്ചയായുണ്ടാകുന്ന അക്രമസംഭവങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly